(സി) ഇല്ല.

(ഡി—എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2002-03-ൽ ബോർഡിന് സബ്സിഡി ഇനത്തിൽ വഹിക്കേണ്ടിവന്ന ബാദ്ധ്യത 1209.75 കോടി രൂപയാണ്. വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ് മെന്റ് അനുബന്ധമായി ചേർക്കുന്നു.†

മൽസ്യകൃഷിക്കാർക്ക് വിതരണം ചെയ്യുന്ന കൃത്രിമ മൽസ്യ ഭക്ഷ്യ വസ്തുക്കൾ

*23 [203] ശ്രീ. കെ. മുഹമ്മദാലി:
,, കെ. ബാബു:
,, കെ. സി. ജോസഫ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള മൽസ്യകൃഷിക്കാർക്ക് കൃത്രിമ മൽസ്യ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുവാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) മൽസ്യങ്ങൾക്കു കൊടുക്കുന്ന കൃത്രിമ ഭക്ഷണ പദാർത്ഥങ്ങളിൽ എന്തെങ്കിലും വിധത്തിലുള്ള വിഷാംശം അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം വിഷാംശങ്ങളെന്ന് അറിയിക്കാമോ;

(ഇ) ഇതു വളർത്തുമൽസ്യ കയറ്റുമതിയെ ഏതുവിധം ബാധിക്കുമെന്ന് വിശദീകരിക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

ശുദ്ധജലവിതരണത്തിനുള്ള ഹഡ്കോ വായ്പ

*24 [204] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിനു വേണ്ടി എന്തു തുകയ്ക്കുള്ള വായ്പ നൽകാമെന്ന് ഹഡ്കോ സമ്മതിച്ചിരുന്നു;

---

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തീരുമാനത്തിൽനിന്നും ഹഡ്കോ പിൻവാങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം എത്ര ശുദ്ധജല വിതരണ പദ്ധതികളുടെ പണിയാണ് പ്രതിസന്ധിയിലായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഹഡ്കോ സഹായത്തോടെ തുടങ്ങിയ 19 പദ്ധതികൾക്കായി 193.77 കോടി രൂപ വായ്പ നൽകാമെന്ന് സമ്മതിച്ചിരുന്നു.

(ബി) മേൽസൂചിപ്പിച്ച പദ്ധതികളിൽ പൂർത്തിയാക്കാനുള്ള 6 പദ്ധതികൾക്ക് നൽകാനുള്ള ബാക്കി ലോൺ തുക നൽകുന്നതിൽ നിന്നും ആലപ്പുഴ പദ്ധതിക്ക് ലോൺ വാഗ്ദാനം ചെയ്തതിൽ നിന്നും ഹഡ്കോ പിൻവാങ്ങിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ഹഡ്കോ ലോൺ യഥാസമയം തിരിച്ചടയ്ക്കാൻ സാധിച്ചില്ല. അതിനാൽ തുടർന്ന് ലോൺ നൽകുന്നത് ഹഡ്കോ നിർത്തിവച്ചു.

(ഡി) ഇതുമൂലം ഹഡ്കോ സഹായത്തോടെ പണി നടന്നുവന്നിരുന്ന 4 പദ്ധതികളായ പാലക്കാട്, തിരൂർ, കോഴിക്കോട്, കൊച്ചി എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. അതോടൊപ്പം ആലപ്പുഴ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും സാധിച്ചില്ല.

എ. ഡി. ബി. സാങ്കേതിക സഹായ പദ്ധതിയുടെ ശുപാർശകൾ

*25 [205] ശ്രീ. രാജു എബ്രഹാം:
„ ടി. കെ. ബാലൻ:
„ എം. വി. ജയരാജൻ:
„ എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലക്ക് ലഭ്യമാക്കുന്ന എ. ഡി. ബി. വായ്പയുടെ ഭാഗമായി എ. ഡി. ബി.-ക്കുവേണ്ടി 'നെക്സന്റ്', 'ക്രിസിൽ' എന്നീ കൺസൾട്ടൻസി സ്ഥാപനങ്ങൾ നടത്തിയ സാങ്കേതിക സഹായ പദ്ധതിയുടെ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിൽ ഘടനാപരമായ എന്തൊക്കെ മാറ്റങ്ങൾ നടപ്പാക്കണമെന്ന ശുപാർശകളാണ് ഇവർ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി മേഖലയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മറ്റെന്തൊക്കെ ശുപാർശകൾ ഇവർ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സാങ്കേതിക സഹായ പദ്ധതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ശുപാർശകളിന്മേൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly